
കവർസ്റ്റോറി ●

ഡോ. ശക്കീൽ അഹ്മദ്




**മനുഷ്യാവകാശ സംഘടനയായ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് (എ.പി.സി.ആർ) എന്ന സംഘടനയുടെ ഡയറക്ടറാണ് ലേഖകൻ. ഗുജറാത്ത് കലാപത്തിന്റെ ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിനുള്ള നിയമപ്പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ ഒരാൾ അദ്ദേഹമാണ്.**

# രാഷ്ട്ര സുരക്ഷക്ക് ഭീഷണി നീതിനിഷേധം

**മനുഷ്യാവകാശ** ലംഘനം, അനീതി, ചില പ്രദേശങ്ങളോടും ജനതയോടും കാണിക്കുന്ന അവഗണന തുടങ്ങി പല രംഗങ്ങളിലും ആഗോള സാഹചര്യങ്ങളിൽനിന്നും ഒട്ടും വ്യത്യസ്തമല്ല നമ്മുടെ അവസ്ഥ. എന്നല്ല, ചിലപ്പോൾ മറ്റു രാജ്യങ്ങളേക്കാൾ മുൻപന്തിയിലാണ് നമ്മുടെ രാജ്യം. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിലെല്ലാം ഇതിന്റെ വിപത്കരമായ അടയാളങ്ങൾ പ്രകടമാണ്. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ ദുരവസ്ഥ. കൊളോണിയൽ ഭരണകാലത്തും അതിന് മുമ്പ് മുസ്‌ലിം രാജഭരണകാലത്തും ഏറിയും കുറഞ്ഞും ഈ അവസ്ഥ തന്നെയാണ് നിലനിന്നിരുന്നത്. സ്വതന്ത്ര ഇന്ത്യയിൽ ഇതിന്റെ തീവ്രത വീണ്ടും വർധിച്ചിരിക്കുന്നു എന്നല്ലാതെ ഒരു കുറവും വന്നിട്ടില്ല.

ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഈ പ്രതിസന്ധി ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റേത് മാത്രമല്ല. മുസ്‌ലിം സമൂഹത്തിന്റെ മാത്രം പ്രശ്നമായി നമുക്കതിനെ കാണാനാകില്ല. ഇന്ത്യൻ മുസ്‌ലിംകളിൽ ഭൂരിപക്ഷവും ദലിത്-ആദിവാസി വിഭാഗത്തിൽ പെട്ടവരായിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനു ശേഷവും സാമൂഹിക ഉച്ചനീചത്വങ്ങളിൽനിന്നും മോചിതരാകാൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർഥ്യം. സമസ്ത മണ്ഡലങ്ങളിലും പിന്നാക്കം നിൽക്കുന്ന ഈ അടിസ്ഥാന വർഗം നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ് നമ്മുടെ രാജ്യം നേരിടുന്ന മുഖ്യ പ്രശ്നം.

രണ്ടാമത്തേത്, നിയമപാലകരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. കോളനിവാഴ്ചയുടെ കാലത്തെ പോലീസ് നയമാണ് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നത്. ബ്രിട്ടീഷ് ഗവൺമെന്റ് രൂപവത്കരിച്ച സുരക്ഷാ സംവിധാനങ്ങളുടെ ലക്ഷ്യം ഇംഗ്ലീഷുകാർക്കെതിരെ ഉയരുന്ന ശബ്ദങ്ങൾ ഇല്ലാതാക്കുകയും പ്രതിഷേധിക്കുന്നവരുടെ സമരവീര്യം കെടുത്തിക്കളയുകയും

ചെയ്യുക എന്നത് മാത്രമായിരുന്നു. അതിൽ ഏറെ വൈദഗ്ധ്യം സിദ്ധിച്ചവരുമായിരുന്നു അവർ. നമ്മുടെ പോലീസിന്റെ പ്രകൃതം, പ്രവർത്തന രീതി, പൗരന്മാരോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യങ്ങളും ബ്രിട്ടീഷുകാർ ആവിഷ്കരിച്ച പോലീസ് നയത്തിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. സ്വതന്ത്ര ജനാധിപത്യ ഇന്ത്യയിൽ നടപ്പിലാക്കേണ്ട പോലീസ് നയവുമായി ഒരു വിധേനയും യോജിക്കുന്ന തല്ല കോളനി പോലീസ് നയം.

ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ നാളുകൾ കഴിയുംതോറും വഷളായി ക്കൊണ്ടിരിക്കുകയാണ്. ഈ ദുരവസ്ഥ പരിഹരിക്കാനോ നിയന്ത്രണവിധേയമാക്കാനോ ഭരണാധി കാരികൾക്ക് കഴിയുന്നില്ല. അതിനു വേണ്ട ക്രിയാത്മകമായ സമീപനങ്ങൾ ഭരണകൂടത്തിന്റെ ഭാഗ ത്തുനിന്നുണ്ടാകുന്നുമില്ല. ഉയർന്ന ജാതികളിലെ സവർണർ സമസ്ത മണ്ഡലങ്ങളിലും ഉന്നത സ്ഥാന ങ്ങൾ കൈയടക്കിവെച്ചിരിക്കുന്നതോടൊപ്പം, പിന്നാക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള സകല ക്രിയാത്മക ചുവടുവെപ്പുകളെയും അവർ തുരങ്കം വെക്കുകയും ചെയ്യുന്നു. മർദിത ജനത യുടെ പുരോഗതിക്കായുള്ള ശബ്ദങ്ങൾ അന്തരീക്ഷത്തിൽ അലിഞ്ഞില്ലാതാകുന്നതാണ് നിലവിലെ ചിത്രം.

മനുഷ്യാവകാശ സംരക്ഷണങ്ങൾക്ക് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ ഒച്ച് വേഗത്തിലാണ് നീങ്ങുന്നത്. ഇന്ത്യയിൽ മനുഷ്യാവകാശ സംരക്ഷണത്തിനായി സ്ഥാപിതമായ ഏറ്റവും വലിയ സംരം ഭമാണ് മനുഷ്യാവകാശ കമീഷൻ. 2000–ലധികം പോലീസ് പീഡന കേസുകളാണ് തീർപ്പ് കൽപി ക്കാനാകാതെ കമീഷന് മുന്നിൽ കെട്ടിക്കിടക്കുന്നത്. ഏറ്റവും വലിയ മനുഷ്യാവകാശ സ്ഥാപന ത്തിന്റെ അവസ്ഥ ഇതാണെങ്കിൽ ലക്ഷക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുന്ന നീതിന്യായ വിഭാഗം ഉൾപ്പെടെ ഇതര സ്ഥാപനങ്ങളുടേത് പറയേണ്ടതില്ലല്ലോ.

സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ സമസ്ത മണ്ഡലങ്ങളിലും ആധിപത്യം ഉറപ്പിച്ചി രിക്കുന്നു എന്നതാണ് മൂന്നാമത്തെ പ്രശ്നം. മർദിത ജനത സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധ വാന്മാരാവുകയും അതിനു വേണ്ടി ശബ്ദമുയർത്തുകയും ചെയ്യാൻ തുടങ്ങിയാൽ തങ്ങൾ അനുഭ വിച്ചുകൊണ്ടിരിക്കുന്ന സുഖസൗകര്യങ്ങൾ അവസാനിപ്പിക്കേണ്ടിവരുമെന്നും എല്ലാവർക്കും അവ കാശങ്ങൾ വീതിച്ചുകൊടുക്കേണ്ടി വന്നാൽ അന്യായമായി കൈവശം വെച്ചിരിക്കുന്ന പലതും നഷ്ട പ്പെട്ടുപോകുമെന്നും അവർ ഭയപ്പെടുന്നു. ഇങ്ങനെ ഭയപ്പെടുന്നവർ പാർശ്വവത്കൃത ജനവിഭാഗങ്ങ ളുടെ അവകാശ സംരക്ഷണ പോരാട്ടങ്ങളെ എന്തു വിലകൊടുത്തും അടിച്ചമർത്താൻ പ്രതിജ്ഞാ ബദ്ധരാണ്. പീഡിത ജനതയുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കുന്ന പുതിയ ബില്ലുകളും നിയമ ങ്ങളും പാസ്സാക്കിയെടുത്തും പോലീസ് ശക്തി ഉപയോഗപ്പെടുത്തിയും ഈ പ്രക്രിയ നിരന്തരം ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

പാർശ്വവത്കൃത ജനവിഭാഗങ്ങൾ ഒരു വശത്ത് അവകാശ സംരക്ഷണത്തിനായുള്ള നേരിയ ശബ്ദം ഉയർത്തുമ്പോഴേക്കും മറുവശത്ത് അതിനെ തകർക്കാനുള്ള തന്ത്രങ്ങളും സൂത്രവാക്യങ്ങളും നിർമിച്ചെടുക്കുന്ന പണിയിലാണ് സവർണ മുഖ്യധാര. ഭരണകൂടങ്ങൾ നടത്തുന്ന പീഡനമുറകൾക്ക് പുറമെ സവർണ വർഗീയ ശക്തികൾ അവരുടെ അനുയായികളെ സായുധ സജ്ജരാക്കി നടത്തുന്ന അക്രമ മർദനങ്ങളും ഇന്ന് നിത്യ സംഭവമായിരിക്കുന്നു. ജീവിതം ദുസ്സഹമാകുന്ന ഇത്തരം പ്രതി സന്ധി ഘട്ടങ്ങളിലാണ് ഭരണകൂടവിരുദ്ധ വികാരം പൊതുസമൂഹത്തിൽ രൂപപ്പെടുന്നത്. ഭരണകൂട വ്യവസ്ഥക്ക് വിധേയപ്പെട്ട് ഇനിയും ജീവിച്ചിട്ട് കാര്യമില്ലെന്ന് ബോധ്യപ്പെടുന്ന സന്ദർഭത്തിൽ ഭരണ കൂടത്തിനെതിരെ ഏതു വിധേനയും പ്രതികരിക്കാനും അവരെ സമ്മർദത്തിലകപ്പെടുത്താനുമുള്ള തന്ത്രങ്ങളെക്കുറിച്ച് അവർ ആലോചിക്കുന്നു.

നക്സലിസം നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണെന്ന് ആഭ്യന്തരമന്ത്രി പി. ചിദംബരം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നക്സൽ ഭീഷണി അവസാനിപ്പിക്കാനായി കൂടു തൽ മൂർച്ചയേറിയ നിയമങ്ങൾ ചുട്ടെടുത്തുകൊണ്ടിരിക്കുകയാണ് അദ്ദേഹം. സ്വതന്ത്ര ജനാധിപത്യ ഇന്ത്യയിൽ സുരക്ഷാ സംവിധാനങ്ങളുടെ ആധിക്യമല്ല, കുറവാണ് ഉണ്ടാകേണ്ടിയിരുന്നത്. പോലീസ് വിഭാഗത്തെ കൂടുതൽ ജനകീയവത്കരിക്കുകയും ചെയ്യേണ്ടതായിരുന്നു. പോലീസ് അന്വേഷണ ങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട പരിശീലനവും അവർക്ക് ലഭ്യമാക്കേണ്ടതായിരുന്നു. പക്ഷേ സംഭവിക്കുന്നത് നേരെ മറിച്ചാണ്. അവർക്ക് വേണ്ട ഭൗതിക സജ്ജീകരണങ്ങളൊരുക്കുന്ന തൊഴിച്ചാൽ പോലീസ് പരിഷ്കരണം ക്രിയാത്മകമായി രാജ്യത്തെവിടെയും നടക്കുന്നില്ലെന്നതാണ് സത്യം.

യഥാർഥ പ്രശ്നങ്ങളെന്തെന്ന് മനസ്സിലാക്കാതെ നിയമങ്ങൾ കൊണ്ട് മാത്രം കാര്യങ്ങൾ നിയന്ത്രണാധീനമാക്കാമെന്ന മൗഢ്യത്തിലാണ് നമ്മുടെ ഭരണകർത്താക്കൾ. പീഡിത ജനതയുടെ ന്യായമായ അവകാശങ്ങൾ വകവെച്ചു നൽകാതെയും അർഹമായ നീതി സ്ഥാപിച്ച് നൽകാതെയും അവരുടെ പ്രതിഷേധ ശബ്ദങ്ങളെ തകർക്കാനും തളർത്താനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ദാരിദ്ര്യം, പട്ടിണി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി അവരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയാൽ തീരുന്നതാണ് നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങൾ. പിന്നെ രാജ്യസുരക്ഷക്ക് വേണ്ടി പുതിയ നിയമങ്ങൾ പടച്ചുണ്ടാക്കാനും അതിനു വേണ്ടി പണവും സമയവും അധ്വാനവും ചെലവഴിക്കാനും മെനക്കെടേണ്ടിവരില്ല. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷക്കും ഭദ്രതക്കും ഭീഷണിയുയർത്തുന്ന നിലവിലെ സാഹചര്യം ഇല്ലാതാക്കി നീതിയും സമാധാനവും പുലരുന്ന ഒരു ഇന്ത്യ യാഥാർഥ്യമാക്കുന്നതിന് ഇത്തരം ഒരു സമീപനരീതി അനിവാര്യമാണ്.

യഥാർഥ പ്രശ്നങ്ങളെ മുഖവിലക്കെടുക്കാതെ സാങ്കൽപിക പ്രശ്നങ്ങൾ മെനഞ്ഞുണ്ടാക്കിയാണ് ഭരണകൂട സമീപനങ്ങൾ ഇന്ന് രൂപപ്പെടുന്നത്. മുസ്‌ലിംകളെ രാജ്യദ്രോഹികളും നാടിന്റെ ശത്രുക്കളുമായി മുദ്രചാർത്തി നടത്തുന്ന ഭീകരവേട്ട ഇതിന്റെ ഭാഗമാണ്. രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിലും നടന്ന ഭീകരാക്രമണങ്ങളുടെ പിറകിൽ പ്രവർത്തിച്ചവർ മുസ്‌ലിംകളെല്ലന്നതും നക്സൽ ആക്രമണം നടത്തുന്നവരുടെ കൂട്ടത്തിൽ മുസ്‌ലിംകളില്ലെന്നതും ഒരു യാഥാർഥ്യമാണ്. മുസ്‌ലിം സമൂഹത്തെ ഒന്നടങ്കം ഭീകര മുദ്ര ചാർത്തി അപരവത്കരിക്കുന്നതിലൂടെ യഥാർഥ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാനുള്ള അവസരമൊരുക്കുകയാണ് ഭരണകൂടം.

ഇന്ത്യയിൽ നടന്ന ഭീകരാക്രമണങ്ങളിൽ മുസ്‌ലിംകളുടെ പങ്ക് എന്താണ്? പൊതു മുസ്‌ലിം സമൂഹത്തിന്റെ അനുമതിയോടെയും ആശീർവാദത്തോടെയും ഇത്തരം സംഭവങ്ങൾ രാജ്യത്ത് അരങ്ങേറിയിട്ടുണ്ടോ? അങ്ങനെ ഒന്നും ഇല്ലാതിരുന്നിട്ടും മറ്റു പലരും ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളുടെ ഭാരം പോലും മുസ്‌ലിം സമുദായത്തിന്റെ അക്കൗണ്ടിൽ വരവ് വെക്കാനുള്ള തീവ്ര ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. മാലേഗാവ്, സംഝോത എക്സ്പ്രസ് സ്ഫോടന പരമ്പരകളുൾപ്പെടെ പലതും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് സൈനിക ഉദ്യോഗസ്ഥരും സ്വാമിമാരും ഉൾപ്പെടെയുള്ളവരാണെന്നും തീവ്ര ഹിന്ദുത്വ വർഗീയ ഫാഷിസ്റ്റുകളുടെ സഹായവും ആശീർവാദവും അവർക്ക് ലഭിച്ചിട്ടുണ്ടെന്നും പകൽ വെളിച്ചം പോലെ പുലർന്നു കഴിഞ്ഞ സത്യമാണ്.

രാജ്യത്തെ ബാധിച്ച ഗുരുതരമായ രോഗം ചികിത്സിച്ച് ഭേദപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഒന്നാമതായി ചെയ്യേണ്ടത് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുക എന്നതാണ്. അതിനായി തീവ്ര പ്രയത്നം തന്നെ ഭരണകൂടം നടത്തേണ്ടതുണ്ട്. രാജ്യത്തിന് ഒരു ഭരണഘടനയും നീതിന്യായ വ്യവസ്ഥയും ഉണ്ടായതുകൊണ്ട് മാത്രം കാര്യമില്ല. നാം ഉണരുകയും മനുഷ്യാവകാശങ്ങളുടെയും നീതിയുടെയും സംരക്ഷണത്തിനായി നിരന്തര പോരാട്ടത്തിനിറങ്ങുകയും ചെയ്തെങ്കിലേ അവയുടെ സംരക്ഷണം ഉറപ്പ് വരുത്താനാകൂ. ലഭ്യമായത് നഷ്ടപ്പെടാതെ സംരക്ഷിക്കാനും കിട്ടാനുള്ളത് ലഭ്യമാക്കാനും നാം സമര സജ്ജരല്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യവും അവകാശങ്ങളും പതുക്കെ നഷ്ടപ്പെട്ട് പോകും എന്നതിൽ തർക്കമില്ല.

മുഖ്യധാരയിൽനിന്ന് ഒഴിച്ചുനിർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അവകാശ സംരക്ഷണത്തിനും നീതി സ്ഥാപിച്ചെടുക്കാനും സ്ഥാപിതമായ ഒരു ദേശീയ സംരംഭമാണ് എ.പി.സി.ആർ. ഇതിന്റെ കാർമികത്വത്തിൽ രാജ്യത്തൊട്ടാകെ ഒരു സമാന്തര നിയമ സഹായ വേദി രൂപവത്കരിച്ച് അതിന്റെ നെറ്റ് വർക്ക് വളർത്തിക്കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. താഴെ തട്ടിലുള്ളവരുടെ മനുഷ്യാവകാശ പ്രശ്നങ്ങൾക്ക് നിയമപരിരക്ഷ നൽകാനും അവകാശ സംരക്ഷണം ഉറപ്പ് വരുത്താനുമാണിത്. പൊതുസമൂഹത്തോടൊപ്പം നിന്ന് പോലീസ് പരിഷ്കരണം, നീതിന്യായ വ്യവസ്ഥയുടെ നവീകരണം തുടങ്ങി ചില ബൃഹദ് പദ്ധതികൾക്ക് കൂടി ശ്രമിച്ചുവരികയാണ്. ■